13
2024
സെപ്റ്റംബർ
വെള്ളി
ചിങ്ങം 27

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.266 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-266 പേജ് 4. വില 2.00 രൂപ

02 സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം സന്തുലിതമായി വിതരണം ചെയ്യണം: മുഖ്യമന്ത്രി പിണറായി വിജയൻ
03 ജർമ്മൻ ഐടി ഭീമനുമായി ധാരണാപത്രം ഒപ്പിട്ട് കേരളം: സ്റ്റാർട്ടപ്പുകൾക്ക് അവസരം
04 ആവേശം രുചിച്ച ടൂർണമെന്റ് സ്റ്റോൺസ് ആന്റെ് ഫെഡേഴ്സിൽ

# ട്രോളിംഗ് ബോട്ടുകളുടെ വഴിയടച്ച് കപ്പൽ വള്ളങ്ങൾ

**കോസ്റ്റൽ റിപ്പോർട്ടർ**

കൊല്ലം: നീണ്ടകര ഹാർബറിൽ യാനങ്ങൾക്ക് സ്വതന്ത്രമായി വന്നടുക്കുവാനും വിപണനം നടത്തുവാനും ബുദ്ധിമുട്ടുകൾ ഏറെയാണ്.ചെറുവള്ളങ്ങളും,വലിയ ഇരുമ്പു വള്ളങ്ങളും,ചെറിയ ട്രോളിംഗ് ബോട്ടുകളും,വലിയ ട്രോളറുകളും ചരക്കിറക്കി വിപണനം നടത്തുവാൻ ഇവിടെ വീർപ്പു മുട്ടുകയാണ്.വർഷങ്ങളായി മാറ്റങ്ങളോ വിപുലീകരണ വികസനമോ നടത്താതെ നിലനിർത്തിയിരിക്കുന്ന നീണ്ടകരയിലെ ലാൻഡിംഗ് സെന്റെർ വർദ്ധിച്ചുവരുന്ന വിവിധതരം യാനങ്ങളുടെ ബാഹുല്യം കാരണം അപകടങ്ങളും,ചരക്കുകൾക്ക് വേണ്ട വില ലഭിക്കാതെയും ഉണ്ടാകുന്ന സാമ്പത്തീക നഷ്ടവും യാന ഉടമകൾ നേരീടേണ്ടിവരുന്നു.

ചെറു ഫൈബർ വള്ളങ്ങൾ കഷ്ടിച്ച് ചരക്കിറക്കി വിറ്റ് പ്രാണനും കൊണ്ടു രക്ഷപ്പെടേണ്ടുന്ന അവസ്ഥയാണുള്ളത്.എങ്ങാനം ജെട്ടിയിൽ തങ്ങിയാൽ വള്ളത്തിന്റെ കഥ കഴിഞ്ഞതു തന്നെ.ഇത്തരത്തിലുള്ള അപകടങ്ങളും നശനഷ്ടങ്ങളും നിരവധിയാണ്. കുറച്ചു നാളുകൾക്കു മുൻപ് തന്റെ ചെറിയ ഫൈബർ വള്ളത്തിന് അപകടം പറ്റിയെങ്കിലും നഷ്ടപരിഹാരമോ,കോസ്റ്റൽ പോലീസിന്റെ ഇടപെടൽ പോലുമുണ്ടായില്ലെന്നു പരമ്പരാഗത മൽസ്യത്തൊഴിലാളിയായ ബെന്നച്ചൻ പറഞ്ഞു.കപ്പലുപോലുള്ള ട്രോളറുകളും,കപ്പലു വള്ളങ്ങളുമാണ് പിന്നീടുള്ളത്.വലിപ്പത്തിലും,ചെലവിലും,ക്യാച്ചിംഗിലും ബലാബലം നിൽക്കുന്നവയാണ് ഈ വിഭാഗങ്ങൾ.


കപ്പൽ വള്ളങ്ങൾ നീണ്ടകര ഹാർബറിൽ കെട്ടിയിട്ടിരിക്കുന്നു

ഇപ്പോഴത്തെ പ്രതിസന്ധി വലിയ ഇൻബോർഡ് വള്ളങ്ങൾ ഫിഷിംഗ് കഴിഞ്ഞു വന്നു ചരക്ക് വിപണനം നടത്തി കായലിലേക്കു പോകുന്നതിനു പകരം ഹാർബറിൽ തന്നെ കെട്ടിയിട്ടിരിക്കുന്നു.ദിവസങ്ങൾ കടലിൽ മൽസ്യബന്ധനം നടത്തി തീരത്തണയുന്ന ട്രോളറുകൾക്ക് ജെട്ടിയിലടുക്കുവാനും ചരക്കിറക്കുവാനും സാധിക്കുന്നില്ല.പരാതിപ്പെട്ടിട്ട് ഒന്നിനും പരിഹാരമില്ലന്ന് ട്രോളിംഗ് ബോട്ടുടമകൾ പറയുന്നു.കടലിൽ മൽസ്യബന്ധനം നടത്തുന്നതിനേക്കാൾ പ്രയാസമാണ് കരയിലെത്തി ചരക്കുകൾ വിൽക്കുന്നതിനെന്നു യന്ത്രവൽകൃത മൽസ്യത്തൊഴിലാളിയായ ജോൺ പറയുന്നു.വലിയ ട്രോളറുകളെക്കാൾ ഭീമൻ ഇൻബോർഡ് ഇരുമ്പു വള്ളങ്ങളാണ് നീണ്ടകര ഹാർബറിൽ ബോട്ടുകളുടെ ചരക്കുകൾ വിറ്റഴിക്കുന്നതിനു തടസ്സം സൃഷ്ടിച്ചു കൊണ്ട് നീണ്ടകര ഹാർബറിൽ നങ്കൂരമിട്ടിരിക്കുന്നതു.സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമോ,കോസ്റ്റൽ പോലീസിന്റെ സമയോചിതമായ ഇടപെടലോ ഇല്ലാത്തതാണ് പ്രതിസന്ധി രൂക്ഷമാക്കുന്നത്.

## സീതാറാം യെച്ചൂരി അന്തരിച്ചു



ന്യൂഡൽഹി: സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി അന്തരിച്ചു. ശ്വാസകോശ അണുബാധയെത്തുടർന്ന് ഡൽഹി എയിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയാണ് അന്ത്യം.

കഴിഞ്ഞ മാസം 19നാണ് ശ്വാസതടസത്തെ തുടർന്ന് യെച്ചൂരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നില അതീവ ഗുരുതരമായതോടെ വെൻറിലേറ്ററിലേക്ക് മാറ്റുകയായിരുന്നു.

ആന്ധ്രാപ്രദേശിലെ കിഴക്കൻ ഗോദാവരി സ്വദേശിയായ സീതാറാം യെച്ചൂരി 1952 ഓഗസ്റ്റ് 12ന് മദ്രാസിലാണ് ജനിച്ചത്. സർവേശ്വര സോമയാജി യെച്ചൂരിയുടെയും ഭാര്യ കൽപികയുടെയും മകനായാണ് ജനനം.

ഡൽഹി സെൻറ് സ്റ്റീഫൻസ് കോളജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹം ജെഎൻയുവിൽ നിന്നാണ് ബിരുദാനന്തര ബിരുദം നേടിയത്. അടിയന്തിരാവസ്ഥക്കാലത്ത് അറസ്റ്റിലായിട്ടുണ്ട്.

1978ൽ എസ്എഫ്ഐയുടെ ദേശീയ ജോയിൻറ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 1986ൽ എസ്എഫ്ഐ ദേശീയ പ്രസിഡൻറായി. 1984ൽ സിപിഎം കേന്ദ്ര കമ്മിറ്റി അംഗമായി.1988ൽ തിരുവനന്തപുരത്ത് നടന്ന പാർട്ടി കോൺഗ്രസിൽ കേന്ദ്ര സെക്രട്ടേറിയേറ്റ് അംഗമായി.

1992ൽ മദ്രാസിൽ നടന്ന പാർട്ടി കോൺഗ്രസിൽ പൊളിറ്റ് ബ്യൂറോ അംഗമായി. പിന്നീട് 2015ൽ വിശാഖപട്ടണം പാർട്ടി കോൺഗ്രസിൽ പ്രകാശ് കാരാട്ടിൽ നിന്ന് സിപിഎം ദേശീയ ജനറൽ സെക്രട്ടറി പദവി യെച്ചൂരി ഏറ്റെടുത്തു.

പ്രമുഖ മാധ്യമപ്രവർത്തക സീമാ ചിസ്തിയാണ് ഭാര്യ. അന്തരിച്ച മാധ്യമപ്രവർത്തകൻ ആശിഷ് യെച്ചൂരി, ഡോ. അഖിലാ യെച്ചൂരി, ഡാനിഷ് എന്നിവർ മക്കളാണ്.

## അനന്തപുരിയിൽ വമ്പൻ ഫുട്ബോൾ സ്റ്റേഡിയം വരുന്നു

**ഹാൻജോ വാലന്റെയിൻ**

തിരുവനന്തപുരം : തെക്കൻ കേരള തീരത്തെ കാൽപന്തുകളിയുടെ പെരുമ ലോകത്തോളം ഉയരുവാൻ പോകുന്നു.സൂപ്പർ ലീഗിലെ കരുത്തുറ്റ ടീമായി മാറിക്കഴിഞ്ഞ കൊമ്പൻസിന്റെ ടൈറ്റിൽ സ്പോൺസറായി അദാനി എത്തിയതോടെയാണ് തീരത്തിന്റെ കാല്പന്തുകളിക്ക് സ്വപ്നങ്ങൾ മുളച്ചത്.പൂന്തുറ, വെട്ടുകാട്,പൊഴിയൂർ,കൊച്ചുതുറ,തൂത്തൂർ തുടങ്ങി തിരുവനന്തപുരം അതിരൂപതയിലെ തീരത്തെ ഇടവകകളിലെ മികച്ചകളിക്കാരെയെല്ലാം അതിരൂപതയുടെ ഫുട്ബോൾ അക്കാഡമിയായ ലിഫ കണ്ടെത്തി വളർത്തിയെടുക്കുന്നുണ്ട്.അദാനിയുടെ നേതൃത്വത്തിൽ കൊമ്പൻസ് വന്നതോടെ ഈ കളിക്കാർക്കെല്ലാം വളർച്ചയുടെ പടവുകൾ കയറുവാനുള്ള വഴിയാണ് തുറക്കുന്നത്.

തിരുവനന്തപുരത്ത് 300 കോടി ചിലവിൽ പുതിയ ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നുടൈറ്റിൽ സ്പോൺസർ അദാനിയെ കൂടാതെ..സൂപ്പർ ലീഗിലെ ഏറ്റവും ശക്തരായ നിക്ഷേപകരുള്ള ടീമാണ് തിരുവനന്തപുരം കൊമ്പൻസ്. കോവളം എഫ്സിയുടെ നടത്തിപ്പുകാരൻ ടി ജെ മാത്യു തയ്യിൽ, കിംസ് ഹെൽത്ത് കെയർ ഗ്രൂപ്പിന്റെ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടർ മായ എം എ സഹദുള്ള, കേരള ട്രാവൽസ് എംഡി കെസി ചന്ദ്രഹാസൻ, തിരുവനന്തപുരം ടെക്നോപാർക്ക് മുൻസിഇഒ ജി വിജയരാഘവൻ, ടോറസ് ഇന്ത്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അനിൽകുമാർ, എൻ എസ് അഭയകുമാർ എന്നിവർക്കു പുറമെ.

വ്യവസായികളായ അഹമ്മദ് കോയ, ഡോക്ടർ ബി ഗോവിന്ദൻ, എബിൻ റോസ്, അവോക്കി ഫാബ്രിക്കോൺ ഉടമ എസ് ഗണേഷ് കുമാർ, ക്രിസ് ഗോപാലകൃഷ്ണൻ, ജോർജ് എം തോമസ്, ഗൗരി പാർവതി ഭായ്, കെ മുരളീധരൻ, ഇ എം നജീബ്, കെ നന്ദകുമാർ, എസ് നൗഷാദ്, ഡോക്ടർ ബി രവി പിള്ള, എസ് ഡി ഷിബുലാൽ, ശശി തരൂർ, ജേക്കബ് പുന്നൂസ് തുടങ്ങിയ പ്രമുഖർ എല്ലാം തിരുവനന്തപുരം കൊമ്പൻ ടീമിന്റെ നിക്ഷേപകരാണ്.

തിരുവനന്തപുരം നഗരത്തിൽ കോടികളുടെ വൻ നിക്ഷേപം നടത്തുന്ന അദാനി ഗ്രൂപ് ടീമിന്റെ സ്പോൺസർ ആകുന്നത് നഗരത്തിലെ സ്പോർട്ട്സ് വികസനത്തെ ഭാവിയിൽ മാറ്റിമറിക്കും...



തിരുവനന്തപുരം കൊമ്പൻസ്
ഫുട്ബോൾ ടീം മാനേജ്മെന്റ് ആണ് പുതിയ സ്റ്റേഡിയം നിർമിക്കുക



## അധ്യാപക ഒഴിവ്

തിരുവനന്തപുരം വെയിലൂർ ഗവ. ഹൈസ്കൂളിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ ഒരു താത്കാലിക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 12 ന് വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ ഹാജരാകണം.

## വട്ടിയൂർക്കാവ് പോളിടെക്നിക്കിൽ സ്പോട്ട് അഡ്മിഷൻ

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ വർക്കിങ്ങ് പ്രൊഫഷണൽ ഡിപ്ലോമ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 12ന് രാവിലെ 9 മുതൽ കോളേജിൽ നടക്കും. അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾക്ക്: www.polyadmission.org/wp

## ലക്ചറർ ഒഴിവ്

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിൽ പുതുതായി ആരംഭിച്ച ഈവനിങ് വർക്കിങ് പ്രൊഫഷണൽ ഡിപ്ലോമ കോഴ്സിലേക്ക് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ് ലക്ചറർ തസ്തികയിലെ രണ്ട് താത്കാലിക ഒഴിവുകളിലേക്കുള്ള അഭിമുഖം സെപ്റ്റംബർ 12ന് രാവിലെ 10ന് കോളജിൽ നടത്തും. ബി.ടെക്/ ബി.ഇ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ് ഫസ്റ്റ് ക്ലാസ് ആണ് യോഗ്യത. സമയക്രമം വൈകിട്ട് 5 മുതൽ 10 വരെ. വേതനം മണിക്കൂറിന് 300 രൂപ (പ്രതിമാസം പരമാവധി 15,000 രൂപ). നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളജിൽ നേരിട്ട് ഹാജരാകണം.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.ഐകളിലേക്ക് നിശ്ചിത സമയത്തേക്ക് എംപ്ലോയബിലിറ്റി സ്കിൽസ് എന്ന വിഷയം പഠിപ്പിക്കുന്നതിന് ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ തിരഞ്ഞെടുക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. അപേക്ഷകർ ബിബിഎ/എംബിഎ/ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രി, ഇംഗ്ലീഷിൽ മികച്ച ആശയവിനിമയത്തിനുള്ള കഴിവും പ്ലസ്ടു/ഡിപ്ലോമ തലത്തിലുള്ള അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യതയും ഉള്ളവരായിരിക്കണം. കൂടിക്കാഴ്ച സെപ്റ്റംബർ 25ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം, വെള്ളയമ്പലം, അയ്യൻകാളി ഭവനിൽ പ്രവർത്തിക്കുന്ന ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ ബയോഡേറ്റ, സർട്ടിഫിക്കറ്റിന്റെ ഒറിജിനലും പകർപ്പും എന്നിവ സഹിതം നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗസ്റ്റ് ഇൻസ്ട്രക്ടർക്ക് മണിക്കൂറിന് 240 രൂപ പ്രതിഫലം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2316680

## കിക്മയിൽ എം. ബി. എ സീറ്റൊഴിവ്

സഹകരണ വകുപ്പിനു കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) യിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സെപ്റ്റംബർ 12ന് രാവിലെ 10 മുതൽ ഇന്റർവ്യൂ നടത്തും. ഒഴിവുള്ള എസ്.സി. സീറ്റിലേയ്ക്കും, ഫിഷറീസ് ക്വാട്ട സീറ്റിലേയ്ക്കുമുള്ള അഡ്മിഷൻ ഇതോടൊപ്പം നടത്തും. ഫിഷറീസ്,. എസ്.സി. വിദ്യാർഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. താൽപര്യമുള്ള വിദ്യാർഥികൾക്ക് അസൽ രേഖകൾ സഹിതം കൂടികാഴ്ചയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8547618290/ 9188001600, www.kicma.ac.in

## യോഗ ഇൻസ്ട്രക്ടർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ കഴക്കൂട്ടത്തുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജന പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന യോഗ ഇൻസ്ട്രക്ടർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓഫ്ലൈൻ ആയി ക്രമീകരിച്ചിരിക്കുന്ന ഈ കോഴ്സിൽ ചേരാനുള്ള കുറഞ്ഞ യോഗ്യത പത്താംക്ലാസ്സ് വിദ്യാഭ്യാസമാണ്. കൂടുതൽ വിവരങ്ങൾക്ക് https://csp.asapkerala.gov.in/courses/yoga-intsructor എന്ന ലിങ്ക് സന്ദർശിക്കുകയോ 9495999693 എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

## സ്കോൾ കേരള പ്ലസ് വൺ പ്രവേശന തീയതി നീട്ടി

സ്കോൾ കേരള മുഖേന 202426 ബാച്ചിലേക്കുള്ള ഹയർസെക്കൻഡറി കോഴ്സുകളുടെ ഒന്നാംവർഷ പ്രവേശന തീയതികൾ ദീർഘിപ്പിച്ചു. പിഴയില്ലാതെ സെപ്റ്റംബർ 18 വരെയും 60 രൂപ പിഴയോടെ സെപ്റ്റംബർ 20 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗനിർദേശങ്ങൾക്ക് ०००.രെീഹലസലൃമഹമ.ീൃഴ സന്ദർശിക്കുക. ഓൺലൈനായി ഇതികനം രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം ജില്ലാ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗമോ എത്തിക്കണം. അന്വേഷണങ്ങൾക്ക് സംസ്ഥാന, ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

# സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം സന്തുലിതമായി വിതരണം ചെയ്യണം: മുഖ്യമന്ത്രി പിണറായി വിജയൻ

### * ധനമന്ത്രിമാരുടെ കോൺക്ലേവ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു




തിരുവനന്തപുരത്ത് നടന്ന ധനമന്ത്രിമാരുടെ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ധനവിഹിതത്തിന്റെ ന്യായവും സന്തുലിതവുമായ വിതരണത്തിന് കേന്ദ്രഗവൺമെന്റ് തയാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ധനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ധനകാര്യ മന്ത്രിമാരുടെ ഏകദിന കോൺക്ലേവ് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തമിഴ്നാട്, കർണാടക, പഞ്ചാബ്, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ള ധനമന്ത്രിമാരുടെയും മുതിർന്ന ഉദ്യോഗസ്ഥരുടെയും വിഷയ വിദഗ്ദ്ധരുടെയും സാന്നിധ്യത്തിലാണ് മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കിയത്. പ്രസ്തുത വിഷയം 16ാം ധനകാര്യ കമ്മിഷന് മുമ്പാകെ ഉന്നയിക്കും. ഭരണഘടനയുടെ ആർട്ടിക്കിൾ 280 നിർവചിച്ചിരിക്കുന്ന നീതി ആയോഗിന്റെ ചുമതല, അതിവിപുലമായ പരിഗണനാ വിഷയങ്ങൾ എന്നിവ പരിമിതപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

കേന്ദ്ര സർക്കാർ ഈടാക്കുന്ന സർചാർജുകളുടെയും സെസുകളുടെയും വർദ്ധിച്ചുവരുന്ന പ്രവണതയെക്കുറിച്ച് ആശങ്കയുണ്ട്. ഇത് ഇപ്പോൾ മൊത്ത നികുതി വരുമാനത്തിന്റെ 20 ശതമാനം വരും. സംസ്ഥാനങ്ങളുമായി പങ്കിടുന്ന നികുതികളുടെ ഡിവിസിവ് പൂളിൽ ഉൾപ്പെടുത്തിയതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട വിഹിതത്തിൽ കുറവുണ്ടാകുന്നതിലേക്ക് നയിച്ചു, ഈ പ്രവണത 16ാം ധനകാര്യ കമ്മീഷൻ പരിഗണിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്രത്തിന്റെ നികുതി അധികാരങ്ങളും സംസ്ഥാനങ്ങളുടെ ചെലവ് ബാധ്യതകളും തമ്മിലുള്ള നിരന്തരമായ സാമ്പത്തിക അസന്തുലിതാവസ്ഥ നിലനിൽക്കുന്നു എന്നത് യാഥാർഥ്യമാണ്. നിലവിലെ നികുതി വിതരണം പുനഃപരിശോധിക്കണമെന്നത് കേരളത്തിന്റെ ആവശ്യമാണ്.

അസന്തുലിതാവസ്ഥ മികച്ച രീതിയിൽ പരിഹരിക്കുന്നതിന് നിലവിലെ വിതരണത്തിൽ നിന്ന് 50 ശതമാനം വരെ വർദ്ധിപ്പിക്കണമെന്നതും നികുതിയുടെ അറ്റവരുമാനത്തിന്റെ ഉയർന്ന വിഹിതം വേണമെന്നുമുള്ള കേരളത്തിന്റെ ആവശ്യം മുഖ്യമന്ത്രി ആവർത്തിച്ചു. ഇത് പുതിയ ആവശ്യമല്ല, മറ്റ് സംസ്ഥാനങ്ങൾ മുൻ കമ്മീഷനുകൾക്ക് മുമ്പാകെ ഇത് ഉന്നയിച്ചിട്ടുണ്ട്. വർഷങ്ങളായി കേരളത്തിന്റെ നികുതി വിഹിതം കുറയുന്നത് അദ്ദേഹം ചൂണ്ടിക്കാട്ടി. ആരോഗ്യം, വിദ്യാഭ്യാസം, ജനസംഖ്യാ സൂചകങ്ങൾ എന്നിവയിൽ ഗണ്യമായ പുരോഗതി കൈവരിച്ച കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം ലഭിക്കേണ്ടതുണ്ട്.

വികസനത്തിന്റെ വ്യത്യസ്ത തലങ്ങൾ കണക്കിലെടുത്ത് കൂടുതൽ സന്തുലിത സമീപനം കേന്ദ്ര സർക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നു. ദേശീയ മുൻഗണനകൾ പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലെ ഘടകങ്ങൾക്കായി കർശനമായ വ്യവസ്ഥകളോടെ ഫണ്ടുകൾ നൽകുന്നത് പ്രതിസന്ധി സൃഷ്ടിക്കുന്നു.

തമിഴ്നാട്ടിലെ രാജമന്നാർ കമ്മിറ്റി, പശ്ചിമ ബംഗാളിലെ ഇടതുമുന്നണി സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടം, 1983ലെ മുഖ്യമന്ത്രിമാരുടെ കോൺക്ലേവ് എന്നിവ സർകാരിയ കമ്മീഷനെ നിയമിക്കുന്നതിന് കാരണമായി. രാജ്യത്തിന്റെ ഫെഡറൽ സാമ്പത്തിക ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിന് അർത്ഥവത്തായ ശുപാർശകൾ നൽകിക്കൊണ്ട് ഈ പാരമ്പര്യം തുടരേണ്ടതുണ്ട്.

16ാം ധനകാര്യ കമ്മീഷനു മുമ്പാകെ അവതരിപ്പിക്കാനുള്ള സമഗ്രമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ കോൺക്ലേവിന്റെ ചർച്ചകൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

ധനമന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യവകുപ്പ് മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യുവകുപ്പ് മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനകാര്യവകുപ്പ് മന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനകാര്യവകുപ്പ് മന്ത്രി തങ്കം തെന്നരസു, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ധനകാര്യ വകുപ്പ് സെക്രട്ടറി കേശവേന്ദ്ര കുമാർ എന്നിവർ സംബന്ധിച്ചു. ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ പ്രത്യേക പ്രഭാഷണം നടത്തി.

തെലങ്കാന സ്പെഷ്യൽ ചീഫ് സെക്രട്ടറി കെ രാമകൃഷ്ണ റാവു, കർണാടക അഡീഷണൽ ചീഫ് സെക്രട്ടറി എൽ കെ അതീഖ്, തമിഴ്നാട് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ടി ഉദയചന്ദ്രൻ, പഞ്ചാബ് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അജോയ് കുമാർ സിൻഹ, മുൻ ധനകാര്യവകുപ്പ് മന്ത്രി ടി എം തോമസ് ഐസക്, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ ചീഫ് സെക്രട്ടറി ഡോ. കെ എം എബ്രഹാം, മുൻ കേന്ദ്ര കാബിനറ്റ് സെക്രട്ടറി കെ എം ചന്ദ്രശേഖർ, നാലാം സംസ്ഥാന ധന കമ്മീഷൻ ചെയർമാൻ ഡോ. എം എ ഉമ്മൻ, സാമ്പത്തിക വിദഗ്ധരായ പ്രൊഫ. പ്രഭാത് പട്നായിക്, പതിനാറാം ധനകാര്യ കമ്മീഷനുമുമ്പാകെ കേരളം സമർപ്പിക്കുന്ന നിവേദനത്തിന്റെ കരട് തയ്യാറാക്കാനായി നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ ഡോ. സി പി ചന്ദ്രശേഖർ, ഡോ. ജയതി ഘോഷ്, ഡോ. സുശീൽ ഖന്ന, പതിനാലാം ധനകാര്യ കമ്മീഷൻ അംഗങ്ങളായ ഡോ. സുദിപ്തോ മണ്ഡൽ, ഡോ. എം ഗോവിന്ദ റാവു, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അംഗം ഡോ. ഡി കെ ശ്രീവാസ്തവ, റാം മനോഹർ റെഡ്ഡി, റിട്ട. ഐആർഎസ് ഉദ്യോഗസ്ഥൻ ആർ മോഹൻ, ഡോ. പിനാകി ചക്രവർത്തി, പ്രൊഫ. കെ എൻ ഹരിലാൽ, സിഡിഎസ് ഡയറക്ടർ ഡോ. സി വീരമണി, ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ ജെ ജോസഫ്, എൻഐപിഎഫ്പിയിലെ പ്രൊഫസർ ലേഖ ചക്രബർത്തി, കേരള കാർഷിക സർവകലാശാലയിലെ മുൻ പ്രൊഫസർ ഡോ. പി ഷഹീന, കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോഎക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിലെ ഫെല്ലോ ഡോ. രാഖി തിമോത്തി തുടങ്ങിയവർ സെഷനുകളിൽ പങ്കെടുത്തു.

# അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്: ചരിത്ര നേട്ടവുമായി കേരളം

### *ചികിത്സയിലുണ്ടായിരുന്ന 10 രോഗികളെയും ഡിസ്ചാർജ് ചെയ്തു

### *ലോകത്ത് ആകെ രോഗമുക്തി നേടിയത് 25 പേർ, അതിൽ 14 പേരും കേരളത്തിൽ നിന്ന്

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന 10 പേരെയും ഡിസ്ചാർജ് ചെയ്തു. ആദ്യം തന്നെ കൃത്യമായി രോഗനിർണയം നടത്തുകയും മിൽട്ടിഫോസിൻ ഉൾപ്പെടെയുള്ള മരുന്നുകൾ എത്തിച്ച് ഫലപ്രദമായ ചികിത്സ നൽകുകയും ചെയ്തത് കൊണ്ടാണ് ഇത്രയേറെ പേരെ ഭേദമാക്കാൻ കഴിഞ്ഞത്. തിരുവനന്തപുരത്ത് മരണമടഞ്ഞയാൾക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചതിന് പിന്നാലെ ആരോഗ്യ വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആർആർടി യോഗം ചേർന്ന് പ്രതിരോധവും ചികിത്സയും ഏകോപിപ്പിച്ചു. ചികിത്സയിലുള്ളവർക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് പ്രത്യേക എസ്.ഒ.പി. തയ്യാറാക്കിയാണ് തുടർചികിത്സ ഉറപ്പാക്കിയത്. ആഗോള തലത്തിൽ 97 ശതമാനം മരണ നിരക്കുള്ള രോഗമാണിത്. എന്നാൽ കേരളത്തിലെ മരണ നിരക്ക് 26 ശതമാനമായി കുറയ്ക്കാൻ സാധിച്ചു. ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. അതേ സമയം ഈ 10 പേർ ഉൾപ്പെടെ ഇതുവരെ 14 പേരെ രോഗമുക്തരാക്കാൻ കേരളത്തിന് കഴിഞ്ഞു. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മെഡിക്കൽ കോളേജിലെയും ആരോഗ്യ വകുപ്പിലെയും മുഴുവൻ ടീമിനെയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചു വരുന്നതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്ത് പല ജില്ലകളിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥീരികരിച്ച സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ കേരളം തീരുമാനിച്ചു. ഇതിന്റെ ആദ്യപടിയായി കേരളത്തിലെയും ഐ.സി.എം.ആർ., ഐ.എ.വി., പോണ്ടിച്ചേരി എവി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചു.

ശിൽപശാലയിൽ പങ്കെടുത്തവർ കേരളത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചിരുന്നു. അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് പോലുള്ള വളരെ അപൂർവമായ രോഗങ്ങൾ നേരത്തെ തന്നെ കണ്ടുപിടിക്കാനും മരണനിരക്ക് 97 ശതമാനമുള്ള രോഗത്തിൽ നിന്നും ബഹുഭൂരിപക്ഷം പേരെ രക്ഷിക്കാൻ സാധിച്ചതും സംസ്ഥാനത്തിന്റെ മികച്ച നടപടികൾ കൊണ്ടാണെന്ന് സംഘം വിലയിരുത്തി. അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ പഠനം നടത്തി ഏകാരോഗ്യ സമീപനത്തിലൂന്നിയ ആക്ഷൻപ്ലാൻ രൂപീകരിക്കുന്നതാണ്.

കേരളത്തിൽ രോഗം സ്ഥിരീകരിച്ച എല്ലാവർക്കും അമീബ കാണാൻ സാധ്യതയുള്ള മലിനമായ ജലവുമായി ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സമ്പർക്കം ഉണ്ടായിട്ടുണ്ട്. ഒരേ ജല സ്രോതസ് ഉപയോഗിച്ചവരിൽ ചിലർക്ക് മാത്രം രോഗം വരാനുള്ള കാരണം കണ്ടെത്താനായി ഐസിഎംആറിന്റെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയുടെയും സഹായത്തോടെ ഒരു കേസ് കൺട്രോൾ പഠനം നടത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## സ്പോട്ട് അഡ്മിഷൻ 14 ന്

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങിലെ (സി.ഇ.ടി) എം.ടെക്/എം.ആർക്കു കോഴ്സിലെ ഒഴിവുകളിൽ എം.സി.എ.പി റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. സെപ്റ്റംബർ 14 നു രാവിലെ 9 മണി മുതലാണ് സ്പോട്ട് അഡ്മിഷൻ. വിശദവിവരങ്ങൾക്ക്: www.c-e-t.a-c.in.

## ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജി ഐ എഫ് ഡി ബാലരാമപുരം സെന്ററിൽ എഫ് ഡി ജി ടി പ്രവേശനത്തിന് ഒന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിൽ 24 ന് രാവിലെ സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ 9 മുതൽ 11 വരെ രജിസ്ട്രേഷൻ നടത്തും. യോഗ്യത, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്, ജാതി, വരുമാനം (പരിഗണന ആവശ്യമുള്ളവർ) തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും നിശ്ചിത ഫീസും (ഗൂഗിൾ പേ മുഖേന ആയിരിക്കും ഫീസ് എടുക്കുന്നത്) സഹിതം രക്ഷകർത്താവിനൊപ്പം എത്തണം.

## ഇന്റേണൽ ഓഡിറ്റ് ഓഫീസർ

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഇന്റേണൽ ഓഡിറ്റ് ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. 27 ന് വൈകിട്ട് 3നകം അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക്: www.r-c-c-tvm.gov.in.

## ഓപ്ഷൻ കൺഫർമേഷന് അവസരം

എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതിന് ഓൺലൈൻ കൺഫർമേഷൻ ചെയ്യണം. ഹയർ ഓപ്ഷൻ പുന:ക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം 18 വരെ www.c-e-e.k-er-a-l-a.gov.in ൽ ലഭ്യമാകും. ഒന്നാംഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം. വിശദവിവരങ്ങൾക്ക്: www.c-e-e.k-er-a-l-a.gov.in. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2024ലെ ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, ഫിഷറീസ്, വെറ്ററിനറി, കോഓപ്പറേഷൻ ആൻഡ് ബാങ്കിങ്, ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് എൻവയോൺമെന്റൽ സയൻസ്, ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ഫീസടച്ചശേഷം 12 മുതൽ 18 വൈകിട്ട് 4 മണിയ്ക്കകം പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഹെൽപ് ലൈൻ നമ്പർ: 04712525300.

## സീതാറാം യച്ചൂരി: മന്ത്രി ഡോ. ആർ ബിന്ദുവിന്റെ അനുശോചനക്കുറിപ്പ്

ഫാസിസത്തിനും നവകോളണീകരണത്തിനുമെതിരായ ഇന്ത്യയുടെ ശക്തമായ നാവാണ് നിലച്ചുപോയിരിക്കുന്നതെന്ന് ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

ഏറ്റവും നിർണ്ണായകമായ കാലത്ത് മതനിരപേക്ഷ ഇന്ത്യയുടെ പതാക ഉയർത്തിപ്പിടിക്കാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം രാജ്യത്തിന് സംഭാവന ചെയ്ത വിപ്ലവപ്രതിഭയെയാണ് നഷ്ടമായിരിക്കുന്നത് മന്ത്രി അനുസ്മരിച്ചു.

വിദ്യാർത്ഥിനേതാവിൽ നിന്ന് പാർട്ടിയുടെ സമുന്നത സമിതിയിലേക്ക് ഇഎംഎസ് കൈപ്പിടിച്ച് ചുമതലയേൽപ്പിച്ചത് ഇന്ത്യയുടെ സമകാലവെല്ലുവിളികളെ ദീർഘദർശനം ചെയ്തായിരുന്നുവെന്ന് സഖാവ് സീതാറാമിന്റെ പ്രോജ്ജ്വലമായ വിപ്ലവ ജീവിതം എന്നും സാക്ഷ്യം നിൽക്കുന്നു. സമരപോരാട്ടങ്ങളിലും വിദ്യാർത്ഥിതുല്യമായ അതേ തേജസ്സോടെ അവസാനനാളുകൾ വരെയും ആ കർത്തവ്യബോധം ജ്വലിച്ചുനിന്നു. തൊഴിലാളികളുടെയും കർഷകജനതയുടെയും സൃഷ്ടിയായ സ്വതന്ത്രഭാരതത്തെ വീണ്ടും സാമ്രാജ്യനുകങ്ങളിലേക്ക് കെട്ടാനുള്ള ശ്രമങ്ങളിൽ ഭരണവർഗ്ഗത്തിനു മേൽ ഇടിത്തീയായിരുന്നു പാർലമെന്റിലായാലും ജനവീഥികളിലായാലും അക്കാദമിക വ്യവഹാരങ്ങളിലായാലും സീതാറാമിന്റെ ശബ്ദം. ആശയതെളിമയുടെ നിലക്കാത്ത ആ മുഴക്കങ്ങൾ പ്രതിസന്ധിയുടെ ഇരുണ്ടകാലത്തെ മുറിച്ചുകടക്കാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഇന്ത്യൻ ജനതയും വരും കാലങ്ങളിലും നെഞ്ചിൽ സൂക്ഷിക്കും മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

# ജർമ്മൻ ഐടി ഭീമനുമായി ധാരണാപത്രം ഒപ്പിട്ട് കേരളം: സ്റ്റാർട്ടപ്പുകൾക്ക് അവസരം

തിരുവനന്തപുരം: കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ആഗോള ഐടി സേവന ദാതാവായ അഡെസോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവെച്ചു.

കേരള സ്റ്റാർട്ടപ്പ് മിഷൻറെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെൻറർ ജർമ്മനിയിൽ ആരംഭിക്കാൻ കരാർ വഴിയൊരുക്കും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ സംസ്ഥാന ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ ഐഎഎസിൻറെ സാന്നിധ്യത്തിൽ കെഎസ് യുഎം സിഇഒ അനൂപ് അംബികയും അഡെസോ ഇന്ത്യ ഡയറക്ടർ ഷാലി ഹസനും ഒപ്പുവച്ചു.

അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ പ്രമോദ് മുരളീധരൻ, അഡെസോ വെഞ്ചേഴ്സ് മാനേജിംഗ് ഡയറക്ടർ മാൾട്ടെ ഉംഗർ, അഡെസോ എസ്ഇ ബോർഡിൻറെ ഉപദേഷ്ടാവ് ടോർസ്റ്റൺ വെഗെനർ,അഡെസോ ഇന്ത്യ സീനിയർ മാനേജർ സൂരജ് രാജൻ, കെഎസ് യുഎം ഹെഡ് ബിസിനസ് ലിങ്കേജസ് അശോക് പഞ്ഞിക്കാരൻ എന്നിവരും പങ്കെടുത്തു.

സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ സുപ്രധാന സഹകരണമാണ് അഡെസോ ഇന്ത്യയുമായുള്ളതെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. അഡെസോ ഇന്ത്യയുമായുള്ള സഹകരണത്തിലൂടെ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ നൂതന ഉത്പന്നങ്ങളും സേവനങ്ങളും മറ്റ് രാജ്യങ്ങളിലേക്ക് വിപണനം ചെയ്യുന്നതിന് സാധിക്കും. നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം സ്റ്റാർട്ടപ്പുകൾക്ക് അവരുടെ സംരംഭങ്ങൾ വികസിപ്പിക്കാൻ സഹകരണത്തിലൂടെ വഴിയൊരുങ്ങുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിൻറെ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥയുടെ ഭാഗമാകുന്നതിൽ സന്തോഷമുണ്ടെന്ന് അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഷാലി ഹസ്സൻ പറഞ്ഞു. ബിസിനസ് വർധിപ്പിക്കുന്നതിന് അത്യാധുനിക സാങ്കേതികവിദ്യയും ആശയങ്ങളും പ്രയോജനപ്പെടുത്താൻ കേരള സ്റ്റാർട്ടപ്പ് മിഷനുമായുള്ള പങ്കാളിത്തത്തിലൂടെ ഞങ്ങളുടെ ഉപഭോക്താക്കൾക്ക് സാധിക്കും. ആഗോള വിപണി കണ്ടെത്താൻ പ്രാദേശിക സ്റ്റാർട്ടപ്പുകളെ ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഒരു വർഷത്തേക്ക് സാധുതയുള്ള ധാരണാപത്രം അനുസരിച്ച് കെഎസ് യുഎമ്മും അഡെസോയും കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ സഹകരിക്കും. കെഎസ് യുഎം സ്റ്റാർട്ടപ്പുകൾക്ക് ജർമനിയിൽ വ്യവസായ ശൃംഖല വർധിപ്പിച്ച് മെച്ചപ്പെട്ട വിപണി ലഭ്യമാകുന്നതിന് അഡെസോ സൗകര്യമൊരുക്കും.

ഓട്ടോമോട്ടീവ്, മൊബിലിറ്റി, ഫിൻടെക്, ഡിജിറ്റൽ മാർക്കറ്റിങ് മുതലായ മേഖലകളിൽ നൂതന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക് സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനും കരാറിലൂടെ സാധിക്കും.

കെഎസ് യുഎമ്മിൻറെ ഹാക്കത്തോൺ സംരംഭങ്ങളിലും അഡെസോ പങ്കെടുക്കും. അഡെസോയ്ക്ക് ആവശ്യമായ സ്റ്റാർട്ടപ്പ് പ്രതിഭകളെ ഹാക്കത്തോണുകൾ വഴി കണ്ടെത്തും. കെഎസ് യുഎം ലാബുകളേയും ഇന്നൊവേഷൻ സെൻററുകളേയും അഡെസോ പിന്തുണയ്ക്കും.

അഡെസോയുടെ ഇന്നൊവേഷൻ അജണ്ടകളെക്കുറിച്ചുള്ള വിവരങ്ങൾ കെഎസ് യുഎം പരിപാടികളിലൂടെ പ്രദർശിപ്പിക്കും. വിപണിയിൽ അഡെസോയുടെ ബ്രാൻഡ് കവറേജ് വർദ്ധിപ്പിക്കുന്നതിനും കെഎസ് യുഎം സഹായിക്കും.

വിവിധ രാജ്യങ്ങളിലേക്ക് ശൃംഖല വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി കൊച്ചി ഇൻഫോപാർക്കിൽ അഡെസോ ഇന്ത്യയുടെ പുതിയ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിരുന്നു.

ലോകമെമ്പാടും 60 ലധികം സ്ഥലങ്ങളിലായി 10,100 ലധികം ജീവനക്കാരുള്ള ബഹുരാഷ്ട്ര സോഫ്റ്റ് വെയർ കമ്പനിയാണ് അഡെസോ എസ്ഇ. വ്യവസായ വൈദഗ്ധ്യം, ഉപഭോക്തൃ കേന്ദ്രീകൃത സമീപനം, സേവനങ്ങളിലെ ഗുണനിലവാരം, സാമൂഹിക പ്രതിബദ്ധത എന്നിവയ്ക്ക് പേരുകേട്ട സ്ഥാപനങ്ങളിലൊന്നാണിത്. ഡിജിറ്റൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിയുന്ന മികച്ച പങ്കാളി കൂടിയാണ് അഡെസോ എസ്ഇ.



*കെഎസ് യുഎം സിഇഒ അനൂപ് അംബികയും അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഷാലി ഹസ്സനും ധാരണാപത്രം കൈമാറുന്നു. സംസ്ഥാന ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ ഐഎഎസ്, അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ പ്രമോദ് മുരളീധരൻ, അഡെസോ വെഞ്ചേഴ്സ് മാനേജിംഗ് ഡയറക്ടർ മാൾട്ടെ ഉംഗർ, അഡെസോ എസ്ഇ ബോർഡിൻറെ ഉപദേഷ്ടാവ് ടോർസ്റ്റൺ വെഗെനർ,അഡെസോ ഇന്ത്യ സീനിയർ മാനേജർ സൂരജ് രാജൻ, കെഎസ്‌യുഎം ഹെഡ് ബിസിനസ് ലിങ്കേജസ് അശോക് പഞ്ഞിക്കാരൻ എന്നിവർ സമീപം.*

# സാമ്പത്തിക അസന്തുലിതാവസ്ഥ ഇല്ലാതാക്കുകയാണ് കോൺക്ലേവിന്റെ ലക്ഷ്യം: മന്ത്രി കെ എൻ ബാലഗോപാൽ

രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ വർദ്ധിച്ചുവരുന്ന അസന്തുലിതാവസ്ഥയെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹരിക്കുകയുമാണ് കേരളം സംഘടിപ്പിക്കുന്ന ധനമന്ത്രിമാരുടെ കോൺക്ലേവിന്റെ പ്രാഥമിക ലക്ഷ്യമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. തിരുവനന്തപുരത്ത് നടന്ന സംസ്ഥാന ധനമന്ത്രിമാരുടെ കോൺക്ലേവിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക അസുന്തുലിതാവസ്ഥ ഏറ്റവും കൂടുതൽ ബാധിച്ച സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പൊതു ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിനെ ബാധിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പല സംസ്ഥാനങ്ങളും നേരിടുകയാണ്. കൂടുതൽ നീതിയുക്തമായ സാമ്പത്തിക വിതരണത്തിനും വർദ്ധിച്ചുവരുന്ന അസമത്വങ്ങൾ പരിഹരിക്കാനുമുള്ള നിർദ്ദേശങ്ങൾ കോൺക്ലേവ് ചർച്ച ചെയ്യും.

പൊതുചെലവിന്റെ 62 ശതമാനം സംസ്ഥാനങ്ങൾ വഹിക്കുന്ന സാഹചര്യത്തിൽ വർദ്ധിച്ച സെസും സർചാർജുകളും ഡിവിസിവ് പൂളിൽ നിന്നുള്ള വിഹിതം കുറച്ചു ആസൂത്രണ കമ്മീഷൻ നിർത്തലാക്കൽ, ജിഎസ്ടി ഏർപ്പെടുത്തൽ, സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വയംഭരണാവകാശം കൂട്ടത്തോടെ തകർക്കുന്ന ധനപരമായ അധികാര കേന്ദ്രീകരണം തുടങ്ങിയവ പ്രതികൂല ഘടകങ്ങളാണ്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന സഹകരണ ഫെഡറലിസം പുനഃസ്ഥാപിക്കുന്നതിനും സംസ്ഥാനങ്ങൾക്ക് തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിർവഹിക്കാൻ അധികാരം നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള പരിഷ്കാരങ്ങളുടെ ആവശ്യകത നിലവിലുണ്ട്.

ഈ അസന്തുലിതാവസ്ഥ പരിഹരിക്കുകയും യഥാർത്ഥ സഹകരണ ഫെഡറലിസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതിയിലായിരിക്കണം 16ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ. സംസ്ഥാനങ്ങൾക്കായുള്ള ഡിവിസിവ് പൂളിന്റെ 50 ശതമാനമെങ്കിലും തുല്യമായ വിഹിതം വേണമെന്നും കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ട് തടയാൻ സെസ്, സർചാർജുകൾ എന്നിവയുടെ പരിധി നിശ്ചയിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൂടാതെ, സംസ്ഥാനങ്ങളുടെ നികുതി അടിസ്ഥാനത്തിലും പൊതുസേവന ചെലവുകളിലും ഉള്ള വ്യതിയാനങ്ങൾ മികച്ച രീതിയിൽ കണക്കാക്കുന്നതിനായി വികേന്ദ്രീകരണത്തിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കേണ്ടതുണ്ട്. ഭാവിയിലേക്കുള്ള കൂടുതൽ സന്തുലിതവും ഫലപ്രദവുമായ ഒരു സാമ്പത്തിക ചട്ടക്കൂട് രൂപപ്പെടുത്താൻ ലക്ഷ്യമിട്ട്, ഈ വിഷയങ്ങളിൽ വിശാലാടിസ്ഥാനത്തിലുള്ള കൂടിയാലോചനയ്ക്കുള്ള ഒരു വേദിയാണ് കോൺക്ലേവെന്നും ധനമന്ത്രി പറഞ്ഞു.

# എം ആർ പിയേക്കാൾ കൂടിയ വില ഈടാക്കുന്നത് അന്യായം; 5000 രൂപ നഷ്ടപരിഹാരം നൽകാൻ വിധി

എംആർപിയേക്കാൾ കൂടിയ വില ഉത്പന്നത്തിന് ഈടാക്കുന്നത് അന്യായമായ വ്യാപാര സമ്പ്രദായവും സേവനത്തിലെ പോരായ്മയും ആണെന്ന് തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു.

തിരുവനന്തപുരം വിളപ്പിൽശാല സ്വദേശി ദിനേശ് കുമാർ തിരുവനന്തപുരം പുളിയറക്കോണത്തെ 'മോർ' സൂപ്പർമാർക്കറ്റിൽ നിന്ന് വാങ്ങിയ ഒരു ലിറ്റർ കേര വെളിച്ചെണ്ണക്ക് എം ആർ പിയേക്കാൾ 10 രൂപ കൂടുതൽ ഈടാക്കിയതിനെതിരെ തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ സമീപിക്കുകയായിരുന്നു.

എതിർകക്ഷിയുടെ പ്രവൃത്തി അധാർമ്മിക വ്യാപാരരീതി ആണെന്നും ഉപഭോക്താവിന് നൽകേണ്ട സേവനത്തിൽ വീഴ്ച വരുത്തിയെന്നും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് പി.വി. ജയരാജൻ, അംഗങ്ങളായ പ്രീത ജി നായർ, വിജു വി.ആർ എന്നിവരുടെ ഉത്തരവിൽ പറഞ്ഞു. ഹർജിക്കാരന് നഷ്ടപരിഹാരമായി 5010 രൂപയും (അധികമായി ഈടാക്കിയ 10 രൂപ ഉൾപ്പെടെ) കോടതി ചെലവായി 2500 രൂപയും 5000 രൂപ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്കും ഒരു മാസത്തിനകം എതിർകക്ഷി അടവാക്കാനും അന്യായ വ്യാപാര സമ്പ്രദായം ആവർത്തിക്കരുതെന്നും കമ്മീഷൻ ഉത്തരവിട്ടു.

# ടെക്നോപാർക്ക് ഫേസ്1 ൽ സൃഷ്ടി ഇന്നൊവേറ്റീവ് മൂന്നാം ഓഫീസ് തുറന്നു ടെക്നോപാർക്ക് സിഇഒ പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: ലേണിംഗ് ആൻഡ് ഡെവലപ്മെൻറ് (എൽ ആൻഡ് ഡി) വകുപ്പിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൻറെ ഭാഗമായി പ്രമുഖ ടെക്നോളജി സൊല്യൂഷൻ ദാതാവായ സൃഷ്ടി ഇന്നൊവേറ്റീവിൻറെ മൂന്നാം ഓഫീസ് ടെക്നോപാർക്കിൽ തുറന്നു. ടെക്നോപാർക്ക് ഫേസ്1 കാമ്പസിലെ കാർണിവൽ ബിൽഡിംഗിൻറെ രണ്ടാം നിലയിലാണ് പുതിയ ഓഫീസ്.

സൃഷ്ടി ഇന്നൊവേറ്റീവിൻറെ പുതിയ ഓഫീസിൻറെ ഉദ്ഘാടനം ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ നിർവഹിച്ചു. കമ്പനിയുടെ 17ാം വാർഷികത്തോടനുബന്ധിച്ചാണ് പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്തത്.സംസ്ഥാനത്തെ ഐടി ഇക്കോസിസ്റ്റത്തിൻറെ ഏറ്റവും വലിയ അംബാസഡർമാരാണ് ടെക്നോപാർക്കിലെ കമ്പനികളെന്ന് കേണൽ (റിട്ട) സഞ്ജീവ് നായർ പറഞ്ഞു. ടെക്നോപാർക്കിലെ കമ്പനികൾ സംസ്ഥാനത്തിൻറെ വളർച്ചയ്ക്കും ഐടി പാർക്കുകൾക്കും ധാരാളം സംഭാവനകൾ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.മികച്ച നേതൃത്വത്തിൻറേയും ജീവനക്കാരുടെ അചഞ്ചലമായ പ്രതിബദ്ധതയുടേയും തെളിവാണ് ഒരു കമ്പനിയുടെ 17 വർഷത്തെ നിലനില്പ്. സൃഷ്ടിയുടെ ഇതുവരെയുള്ള യാത്ര ശ്രദ്ധേയമാണ്. കമ്പനിയുടെ മുന്നേറാനുള്ള ശ്രമങ്ങൾക്ക് അത് മുതൽക്കൂട്ടാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കമ്പനിയുടെ ആശയങ്ങൾക്ക് അനുസരിച്ച് വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് സൃഷ്ടി ഇന്നൊവേറ്റീവ് സിഇഒ കൃഷ്ണദാസ് പിഷാരം പറഞ്ഞു. മികച്ച ജീവനക്കാരാണ് കമ്പനിയുടെ വിജയത്തിനു പിന്നിലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കമ്പനിയുടെ ക്രമാനുഗതമായ വളർച്ച കാണുന്നത് വൈകാരികവും അത്ഭുതകരവുമാണെന്ന് സൃഷ്ടി ഇന്നൊവേറ്റീവ് എക്സിക്യൂട്ടീവ് ഡയറക്ടർ പ്രീത മോഹൻ പറഞ്ഞു. ടെക്നോപാർക്ക് അഡ്മിൻ & ഐആർ മാനേജർ അഭിലാഷ് ഡിഎസ്, ടെക്നോപാർക്ക് മാർക്കറ്റിംഗ് സീനിയർ എക്സിക്യൂട്ടീവ് ഹരിത, സൃഷ്ടി ഇന്നൊവേറ്റീവ് ചീഫ് ടെക്നോളജി ഓഫീസർ രാജഗോപാൽ മഹാദേവൻ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ റീജ, അക്കൗണ്ട്സ് ഡയറക്ടർ ഡോ. ലല്ലു ചന്ദ്രൻ, എച്ച് ആർ ഓഫീസർ വിഷ്ണു പ്രസാദ്, ചീഫ് സെയിൽസ് ഓഫീസർ മോനിഷ എച്ച് ചന്ദ്രൻ, സീനിയർ എച്ച് ആർ മാനേജർ ഡോ. അതുല്യ ടി, ടെക്നോപാർക്കിലെ കാർണിവൽ ബിൽഡിംഗ് അക്കൗണ്ട്സ് മാനേജർ ഉണ്ണികൃഷ്ണൻ സൃഷ്ടിയിലെ ജീവനക്കാർ എന്നിവരും പങ്കെടുത്തു.

2007ൽ സ്ഥാപിതമായ സൃഷ്ടി, എഡ്ടെക്, മൊബൈൽ അധിഷ്ഠിത വികസനം, വെബ് ആപ്ലിക്കേഷൻ വികസനം, സംരംഭകത്വ വികസനം, ഇകൊമേഴ്സ് സൊല്യൂഷനുകൾ, സോഫ്റ്റ് വെയർ പിന്തുണ തുടങ്ങിയ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിലും യുഎസിലുമായി കമ്പനിക്ക് എട്ട് ഓഫീസുകളുമുണ്ട്.



*ടെക്നോപാർക്കിൽ സൃഷ്ടി ഇന്നൊവേറ്റീവിൻറെ പുതിയ ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ ഉദ്ഘാടനം ചെയ്യുന്നു. സൃഷ്ടി ഇന്നൊവേറ്റീവ് സിഇഒ കൃഷ്ണദാസ് പിഷാരത്ത് സമീപം.*

# എസ്.സി എസ്.ടി വിദ്യാർഥികൾക്ക് പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ പട്ടികജാതി പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡി.റ്റി.പി കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകും. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഓക്ടോബർ 3 ന് പരിശീലനം ആരംഭിക്കും. പത്താം ക്ലാസ് ആണ് അടിസ്ഥാന യോഗ്യത. ഡി.റ്റി.പി കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംങ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

നിയമാനുസൃത സ്റ്റൈപ്പന്റ് ലഭിക്കും. ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 28ന് വൈകിട്ട് 4.30നകം ആലുവ ഗവ. പ്രീ എക്സാമിനേഷൻ സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോമിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭിക്കും.

# നെടുമങ്ങാട് സർക്കാർ പോളിടെക്നിക്കിൽ സ്പോട്ട് അഡ്മിഷൻ

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ എൻജിനിയറിങ് കോഴ്സിലെ ഒഴിവുള്ള 2 സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 13 നു നടത്തും. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കാം. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർഥികൾ അന്നേ ദിവസം രാവിലെ 11 മണിക്കു മുൻപായി കോളേജിൽ എത്തിച്ചേർന്നു രജിസ്റ്റർ ചെയ്യേണ്ടതാണ്. അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ എസ്എസ്എൽസി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ എന്നിവയാണ്. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള എല്ലാ വിഭാഗക്കാർക്കും എസ്.സി/എസ്.ടി/ ഒ.ഇ.സി വിഭാഗക്കാർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 73064223502,

# സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ്ങിലെ (സി.ഇ.ടി) ബി.ടെക് / ബി.ആർക്ക് കോഴ്സിൽ നിലവിലുള്ള ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ 2024 സെപ്റ്റംബർ 13 നു രാവിലെ ഒൻപത് മണി മുതൽ നടത്തുന്നതാണ്.

വിശദവിവരങ്ങൾക്കു കോളേജ് വെബ്സൈറ്റ് (www.c-e-t.a-c.in) സന്ദർശിക്കുക.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ആവേശം രുചിച്ച ടൂർണമെന്റ് സ്റ്റോൺസ് ആന്റ് ഫെദേഴ്സിൽ

**അഞ്ജന**

തിരുവനന്തപുരം: അനന്തപുരിയിൽ എല്ലാ പ്രായത്തിലുള്ളവർക്കും ബാഡ്മെന്റൻ കളിക്കുവാനും പരിശീലിക്കുവാനും ഒരു കളിക്കളം.തിരുവനന്തപുരം ആനയറയിലുള്ള 'സ്റ്റോൺസ് ആന്റ് ഫെദേഴ്സ്' എന്ന ഇൻഡോർ കോർട്ടിനു ഇണങ്ങുന്ന വിശേഷണം ആണിത്.അഞ്ചു വയസ്സുമുതൽ എഴുപതിനോടടുത്തവരും ഇവിടെ കളിക്കുകയും,കളി പഠിക്കുകയും ചെയ്യുന്നു.ശാരീരികക്ഷമതക്കുവേണ്ടി കളിക്കുന്നവർക്ക് താളത്തിലുള്ള സംഗീതം കേട്ട് മനസീക ഉല്ലാസത്തോടെ ബാഡ്മെന്റൻ കോർട്ടിൽ നിറഞ്ഞാടാം.സ്ത്രീകളുൾപ്പടെ വലിയൊരു സംഘം രാവിലെയും വൈകുന്നരങ്ങളിലും സ്റ്റോൺസ് ആന്റ് ഫെദേഴ്സിനെ ആവേശം കൊണ്ടു നിറക്കുന്നു.പ്രധാന കളിക്കാരനും കോച്ചുമായ ഷമീം മുഹമ്മദിന്റെ നേതൃത്വത്തിൽ പരിശീലകരുമുണ്ട്.വിവിധ പ്രായത്തിലുള്ള കുട്ടികൾ ചെറു പ്രായത്തിൽ തന്നെ ബാഡ്മെന്റണിന്റെ ശാസ്ത്രീയ വശങ്ങൾ അഭ്യസിക്കുന്നു.

വർഷത്തിലെ ഇടവേളകളിലുള്ള ടൂർണമെന്റുകൾ ഇവിടുത്തെ കളിക്കാർക്ക് ആരോഗ്യപരമായ മൽസരബുദ്ധിയും സൗഹൃദവും പകർന്നു നൽകുന്നു.ഓണക്കാലത്തെ ടൂർണമെന്റ് ആഘോഷവും ആവേശവും എല്ലാവർക്കും പകർന്നു നൽകി.സിംഗിൾസ്,ഡബിൾസ്,മിക്സഡ് ഡബിൾസ് എന്നീ ഇനങ്ങളിൽ വിവിധപ്രായക്കാർക്കായി മൽസരങ്ങൾ നടന്നു.തിരുവനന്തപുരത്തിന്റെ സാറ്റലൈറ്റ്സിറ്റിയെന്നു ഖ്യാതിയുള്ള ആനയറഭാഗത്ത് പ്രൊഫഷണൽ രംഗത്തുള്ളവരും,ടെക്കികളും കളിക്കുവാനെത്തുന്നതു സ്വാഭാവികം 'ഇവിടെ കളിക്കുവാനെത്തുന്നവർക്ക് എപ്പോഴും ഒപ്പം കളിക്കുവാൻ സഹകളിക്കാർ സജ്ജമാണന്നുള്ളതാണ്.സ്റ്റോൺസ് ആന്റ് ഫെദേഴ്സിന്റെ വിയരഹസ്യ'മെന്നു സോഫ്റ്റ് വെയർ മേഖലയിൽ പ്രവർത്തിക്കുന്ന രാജീവ് പറയുന്നു.'ഇവിടുത്തെ കളിക്കളത്തിൽ ഇറങ്ങിയാൽ പ്രായം മറന്നും കളിക്കാനുള്ള ആവേശം പകർന്നു കിട്ടുന്ന അന്തരീക്ഷമാണ്' മുതിർന്ന കളിക്കാരനായ സുബൈർ സാക്ഷ്യപ്പെടുത്തുന്നു. അന്താരാഷ്ട്ര ടൂർണമെന്റുകളിൽ മാറ്റുരച്ച ദമ്പതികളായ ഉദയകുമാറും പത്നിയും സ്റ്റോൺസ് ആൻഡ് ഫെദേഴ്സിലെ സ്ഥിരം സാന്നിദ്ധ്യമാണ്.കളിക്കളത്തിൽ മാന്യതയുടെ പര്യായായമായ കെ.കെ.എന്ന ഓമനപേരുള്ള അറിയപ്പെടുന്ന മുതിർന്ന കളിക്കാരനായ കൃഷ്ണകുമാർ നഗരത്തിലുള്ളപ്പോൾ സ്റ്റോൺസ് ആൻഡ് ഫെദേഴ്സിലെത്തും.ഇത്തവണത്തെ ടൂർണമെന്റിൽ ട്രോഫികൾ കരസ്ഥമാക്കിയ വിവിധ പ്രയത്തിലുള്ളവരുണ്ട്.ഇത്തവണത്തെ ടൂർണമെന്റ് ഓണത്തിനു മുന്നോടിയായി വന്നപ്പോൾ കോച്ച് ഷമീം മുഹമ്മദിന്റെ നേതൃത്വത്തിൽ നാടൻ വിഭവങ്ങളുടെ കലവറയും ഒരുക്കിയിരുന്നു.മലബാർ സ്പർശമുള്ള ലഘുഭക്ഷണവും,തുടർന്ന് സമൃദ്ധമായ വിഭവങ്ങളും സജ്ജമാക്കിയിരുന്നു.

## ചമയങ്ങൾക്കപ്പുറം

**സുനിത ഒലീവിയ**



# അവരാധിക്കുന്നവർ...

അടുത്തിരിക്കുമ്പോൾ ആരാധിക്കുകയും അകന്നിരിക്കുമ്പോൾ അപവാദം പറയുകയും ചെയ്യുന്ന ആളുകൾ നമുക്കിടയിൽ ധാരാളം ഉണ്ട് .... ഒരാളെ വിമർശിക്കണമെങ്കിൽ അയാളുടെ സാന്നിധ്യത്തിൽ വേണമെങ്കിൽ ആവാം... അതിന്റെ സത്യാവസ്ഥകളും മറുവാദങ്ങളും പറയാൻ വിമർശിക്കപ്പെട്ടവന് കഴിയും...നേരിട്ട് ഒരാളെ വിമർശിക്കുന്നത് പോലെ അല്ല അയാളുടെ അസാന്നിധ്യത്തിൽ വിമർശിക്കുന്നത്. അങ്ങനെ ഉള്ള വിമർശനങ്ങൾ അയാളെ മാനസികമായി തകർക്കുക എന്ന ലക്ഷ്യത്തോടെ....അയാളുടെ പരാജയവും തകർച്ചയും മാത്രം ലക്ഷ്യമാക്കി കൊണ്ടുള്ളതാവും...

ചില അപവാദ പ്രചരണങ്ങൾക്ക് ഇരയാകുന്നവർ അത്മഹത്യയിലേക്ക് പ്രായഭേദമന്യേ ഒരുപാട് പേരെ എത്തിച്ചിട്ടുണ്ട്. ഒരു കണക്കിന് പറഞ്ഞാൽ ഒളിപ്പോരുകളെക്കാൾ നീചം ആണ് അപവാദങ്ങൾ പ്രചരിപ്പിക്കൽ....ചില മാനസിക..., ഞരമ്പുരോഗികളുടെ ഈ അറ്റാക്കി നെതിരെ പ്രതികരിച്ചു ജീവിത ത്തിൽ മുന്നോട്ടു പോകുകയാണെങ്കിൽ ഈ കൂട്ടരുടെ മുൻപിൽ സധൈര്യം ആത്മഹത്യ ചെയ്യാതെ ജീവിക്കാം ....ഒരു തരം മാനസിക രോഗം ഉള്ളവർ ആണ് മറ്റുള്ള വരുടെ വിഷമങ്ങൾ കണ്ടു സന്തോഷിക്കുന്നത്. അപവാദ പ്രചരണങ്ങൾ നടത്തുന്നതും... ഒരു തര ത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ കൂട്ടർ സാഡിസ്റ്റ് കൾ ആണ്.

അപവാദങ്ങൾക്ക് സ്വയം പടർന്ന് പന്തലിക്കാനുള്ള ശേഷിയുണ്ട് .ഒരിക്കൽ കൊളുത്തി വിട്ടാൽ പിന്നീട് അത് കാട്ടുതീ പോലെ പടരും... പല പല മഴവിൽ നിറങ്ങളെ അനുസ്മരിപ്പിക്കും വിധം ദേശാടനം തുടരും....തുടക്കം ഇട്ട ആൾക്ക് പോലും പിന്നീട് അത് കെടുത്താൻ സാധിച്ചു എന്നുംവരില്ല.*ബ

അപവാദം പ്രചരിപ്പിക്കുന്നവരെ സൂക്ഷിക്കുക... ഒരു പക്ഷേ അവരുടെ അടുത്ത ഇര നിങ്ങൾ തന്നെ ആയേക്കാം....ശ്രദ്ധിച്ചിട്ടുണ്ടോ???.... അപവാദം പ്രചരിപ്പിക്കുന്ന പലർക്കും സ്വന്തം ബലഹീനതകൾ പലതും മറക്കാൻ ഉണ്ടാകും ...ഇവർക്ക് സ്വയം ഒളിക്കേണ്ട കാര്യങ്ങൾ ധാരാളം ഉണ്ടാകും.അത് മറച്ചു വക്കാൻ അവർ മറ്റുള്ളവരെ കുറിച്ച് അപവാദങ്ങൾ പ്രചരിപ്പിച്ചു കൊണ്ടേ ഇരിക്കും ..മറ്റുള്ളവരെ കുറിച്ച് അപവാദം പറഞ്ഞു നടക്കുന്നവരെ ഒരിക്കലും നമ്മുടെ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാർ ആക്കാതിരിക്കാൻ ശ്രദ്ധിക്കുക.....നമ്മളെ സ്നേഹിച്ച് നമ്മുടെ വിഷയങ്ങൾ സ്നേഹത്തോടെ ചോദിച്ച് മനസ്സിലാക്കി .... മറ്റുള്ളവരിലേക്ക് എത്തിക്കുന്ന സൽഗുണ സമ്പന്നർ നമ്മുടെ പരിസരത്തും , ദേശത്തും മാത്രമല്ല വിശ്വാസ സമൂഹത്തിലും അപവാദങ്ങൾ കെട്ടി ഘോഷിച്ച് പ്രചരിപ്പിച്ച് മറ്റുള്ളവരെ തമ്മിൽ അകറ്റി സന്തോഷം കണ്ടെത്തുന്ന ഹിജഡകളാണ് നമ്മുടെ ഓരോരുത്തരുടെയും ചുറ്റുമുള്ളത്....പറയാത്ത കാര്യങ്ങൾ പറഞ്ഞു തമ്മിൽ മാനസികമായി അകറ്റി നിർത്താൻ നോക്കുന്ന ഇവറ്റകളെ വേണം ദൈവനാമത്തിൽ സൂക്ഷിക്കേണ്ടത് ...'കുറുക്കന്റെ ബുദ്ധിയും ചെന്നായുടെ സ്വഭാവവും ഉള്ള ഇവരെ സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട'.....

( ലേഖിക
സുനിത ഒലീവീയ
(NHRO)സ്റ്റേറ്റ് ജനറൽ സെക്രട്ടറി യാണ് .)




WOMEN'S DOUBLES WINNER KARTHIKA&




A CATEGORY WINNER ARJUN & TEAM




A+ CATEGORY WINNER ?? PETER & TEAM




MIXED DOUBLES 0 WINNER JAYESH & SOUMYA




60+ WINNER SHYLAN & SUBAIR




INCREDIBLE PARTICIPATION IN TRIVANDRUM DISTRICT TOURNAMENT 2024




PROMISING PLAYER




Best Men player




WOMEN'S DOUBLES RUNNERS UP??SOUMYA & BHUVI




MEN SINGLES WINNER SATHEESH




Best Women Player




STATE WINNER NATIONAL PARTICIPATION IN CISCE REGIONAL TOURNAMENT 2024




incredible success for winning doubles (2nd) &Singles (Semifinalist)in Wayanad District Championship